**<u>കൊല്ലം റൂറൽ കമാന്റ് സെന്റർ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു</u>**

കൊല്ലം റൂറൽ കമാന്റ് സെന്ററിന്റെ ഉദ്ഘാടനം 09.09.2020 ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ വെബ്ബിനാറിലൂടെ നിർവ്വഹിച്ചു. കമാന്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. കാലഘട്ടം മാറുന്നതനുസരിച്ചുള്ള പരിഷ്കരണം പോലീസ് സേനയിൽ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് 15 പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുമെന്നും നിലമ്പൂർ ആസ്ഥാനമാക്കി പുതിയ ബറ്റാലിയൻ ആരംഭിക്കുമെന്നും പുതിയ ബറ്റാലിയനിൽ 50 ശതമാനം വനിതകളെയും നിയോഗിക്കും എന്നും മുഖ്യമന്ത്രി അറിയിച്ചു.

ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ അദ്ധ്യക്ഷത പ്രസംഗം നടത്തി. കൊല്ലം റൂറൽ ജില്ല ക്രമസമാധാനപാലനത്തിൽ പുതിയ ഒരു കാൽവയ്പാണ് കമാന്റെ സെന്റർ നടപ്പാക്കിയതിലൂടെ കൈവരിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കൊട്ടാരക്കര എം.എൽ.എ. ശ്രീമതി. പി.അയിഷാ പോറ്റി സ്വാഗതം ആശംസിച്ചു. കൊട്ടാരക്കരയിലെ പോലീസ് നിരീക്ഷണ സംവിധാനം കേരളത്തിനാകെ മാതൃകയാണെന്ന് അയിഷാപോറ്റി എം.എൽ.എ അഭിപ്രായപ്പെട്ടു.

കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ ഐ.പി.എസ് റിപ്പോർട്ട് അവതരിപ്പിച്ചു. ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പ് മന്ത്രി ശ്രീ.കെ.രാജു മുഖ്യാതിഥിയായി വെബ്ബിനാറിലൂടെ പങ്കെടുത്തു. ബഹുമാനപ്പെട്ട രാജ്യസഭ അംഗം കെ.സോമപ്രസാദ്, ബഹുമാന്യനായ എം.പി. ശ്രീ. കൊടിക്കുന്നിൽ സുരേഷ്, ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ, കൊട്ടാരക്കര മുൻസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബി. ശ്യാമളയമ്മ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ എം.പി, എം.എൽ.എ മാരായ ശ്രീ. കെ.ബി.ഗണേശ്കുമാർ, ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. ജി.എസ്.ജയലാൽ, ഡി.ജി.പി. ലോക്നാഥ് ബെഹ്റ ഐ.പി.എസ് എ.ഡി.ജി.പി ക്രമസമാധാനം ഡോ.ഷെയ്ക് ദർവേഷ് സാഹെബ് ഐ.പി.എസ്, ഐ.ജി.പി. സൗത്ത് സോൺ ഹർഷിത അട്ടല്ലൂരി ഐ.പി.എസ്, തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി. കോറി സഞ്ചയ്കുമാർ ഗുരുഡിൻ ഐ.പി.എസ് എന്നിവർ വെബ്ബിനാറിലൂടെ ചടങ്ങിന് സാന്നിദ്ധ്യം അറിയിച്ചു. കൊല്ലം റൂറൽ അഡീഷണൽ ജില്ലാ പോലീസ് സൂപ്രണ്ട് എസ് മധുസൂദനൻ നന്ദി അറിയിച്ചു. കൊല്ലം റൂറൽ പോലീസിന്റെ ഫെയിസ്ബുക്ക് പേജിലൂടെയും ഉദ്ഘാടനം ലൈവ് സംപ്രേഷണം ഉണ്ടായിരുന്നു.

കൊല്ലം റൂറൽ പോലീസ് കമാന്റ് സെന്ററിന്റെ പ്രവർത്തനം കൊട്ടാരക്കര ട്രാഫിക് പോലീസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്ന കൊട്ടാരക്കര സബ് ജയിലിന് മുൻവശമുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് ആരംഭിച്ചത്.

2019-20 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടി ഒരു പോലീസ് കൺട്രോൾ റൂം ഈ കെട്ടിടത്തിൽ സജ്ജീകരിക്കുന്നതിന് വേണ്ടിയുള്ള നിർമ്മാണ ചുമതല സംസ്ഥാന പൊതുമേഖലാ സ്ഥാപനം കൂടിയായ "സ്റ്റീൽ ഇൻട്രസ്ട്രിയൽസ് കേരള ലിമിറ്റഡ്" (SILK)- ന് 2019 ഒക്ടോബർ മാസത്തിൽ കരാർ എൽപ്പിക്കുകയും 29.10.2019

തീയതിയിൽ ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ, 2020 മാർച്ച് മാസം രണ്ടാം തീയതിയിൽ സമ്പൂർണ്ണമായി പൂർത്തികരിച്ചിട്ടുള്ളതുമാണ്. ഈ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത് സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻഡ് കോർപ്പറേഷനും (കെൽട്രോൺ) ആയതിനുള്ള ചെലവ് കണ്ടത്തിയിട്ടുള്ളത് 2019-20 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുമാണ്. കെൽട്രോൺ അവരുടെ പ്രവൃത്തികൾ ഇക്കഴിഞ്ഞ തിരുവോണ ദിനത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആകെ 57,00,000/- (അൻപത്തി ഏഴ് ലക്ഷം രൂപ മാത്രം) ചെലഴിച്ചാണ് നിർമ്മാണം പൂർത്തിയാക്കി സാങ്കേതിക സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുള്ളത്. ഈ കമാന്റ സെന്ററിൽ പ്രധാനമായും താഴെ പറയുന്ന സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭ്യമാകുന്നത്.

**<u>മോണിട്ടറിംഗ് റൂം</u>**:- ഈ മോണിട്ടറിംഗ് റൂമിൽ കൊട്ടാരക്കര ടൗണിൽ ആകമാനം സ്ഥാപിച്ചിട്ടുള്ള 17 നിരീക്ഷണ ക്യാമറകൾ മുഖേനയുള്ള നിരീക്ഷണം സാധ്യമാകുന്നതാണ്. കൂടാതെ കൊല്ലം റൂറൽ പോലീസ് ജില്ലയിലെ വിവിധ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള Automatic Number-Plate Recognition (ANPR) ബോർഡർ സീലിംഗ് ക്യാമറകൾ മുഖേനയുമുള്ള നിരീക്ഷണവും സംയുക്തമായി ഇനി മുതൽ മോണിട്ടറിംഗ് റൂം മുഖേന സാധിക്കുന്നതാണ്. ഇത് കൂടാതെ വിവിധ പോലീസ് സ്റ്റേഷനികളിൽ സ്ഥാപിച്ചിട്ടുള്ള Lock-Up Reception Camera-കളിലെ Real-Time Monitoring ഇവിടെ ലഭ്യമാണ്. കൂടാതെ പ്രാദേശിക തലത്തിലും സംസ്ഥാന/ദേശീയ തലത്തിലും നടക്കുന്ന സംഭവ വികാസങ്ങൾ നിരീക്ഷിക്കുന്നതിന് വേണ്ടി വിവിധങ്ങളായ വാർത്താ ചാനലുകളുടെ തൽസമയ ദൃശ്യങ്ങളും ലഭ്യമാണ്. ഇതെല്ലാം അടങ്ങുന്ന ആധുനിക മോണിട്ടറിംഗ് റൂം ആണ് കൺട്രോൾറൂമിലെ ആദ്യത്തെ ഘടകം.

**<u>Emergency Response Support System Room (ERSS):-</u>** ഇവിടെ കൊല്ലം റൂറൽ പോലീസ് ജില്ലയിലെ എല്ലാ പോലീസ് വാഹനങ്ങളുടെയും തൽസമയ GPS ലൊക്കേഷൻ ലഭ്യമാണ്. അടിയന്തര പോലീസ് സഹായത്തിനായി പൊതുജനങ്ങൾ വിളിക്കാറുള്ള 100, 112 എന്നീ നമ്പരുകളിലെ കോളുകൾ തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് സ്വീകരിക്കപ്പെടുകയും തുടർന്ന് വിവരങ്ങൾ ഉടൻ തന്നെ Emergency Response Support System Room-ലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യും. വിവരം ലഭിച്ചാൽ ഉടൻ തന്നെ സഹായം അഭ്യർഥിച്ചു വിളിച്ച വ്യക്തിയുടെ അടുത്തേക്ക് തൊട്ടടുത്തുള്ള പോലീസ് വാഹനം GPS സഹായത്തോടെ കണ്ടെത്തി Despatch ചെയ്യാൻ സാധിക്കുന്നതാണ്.

**<u>Telecommunication Room</u>**:- കൊല്ലം റൂറൽ പോലീസ് ജില്ലയിലെ പോലീസിന്റെ വാർത്താ വിനിമയ ശ്രിംഖല (Communication Network) സമ്പൂർണ്ണമായും ഇനി മുതൽ Telecommunication Room-ൽ കേന്ദ്രീകരിച്ച് കൊണ്ട് നിർവഹിക്കപ്പെടുന്നതാണ്. ഇത് മൂലം ഏറ്റവും വേഗതിയിൽ വിവരങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നതിനും അത് വഴി മികച്ചതും സമയബന്ധിതവുമായ സേവനങ്ങളും സഹായങ്ങളും പൊതു ജനനത്തിന് ലഭ്യമാക്കാനും ഇത് ഉപകരിക്കുന്നതാണ്.

**Reception**:- വിവിധങ്ങളായ ആവശ്യങ്ങൾക്ക് എത്തുന്ന പൊതു ജനങ്ങൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനം നൽകുന്നതിന് വേണ്ടി മികച്ച രീതിയിലുള്ള ഒരു Reception ഏരിയ കൺട്രോൾ റൂമിൽ ഒരുക്കിയിട്ടുണ്ട്. ഇവിടെ എത്തുന്ന

ആളുകൾക്ക് വിശ്രമിക്കുന്നതിനും കുടിവെള്ളത്തിനും മറ്റ് പ്രാഥമിക സൗകര്യങ്ങളും ക്രമീകരിച്ചിട്ടുണ്ട്.









KOLLAM RURAL
COMMAND CENTRE
KERALA
POLICE
INAUGURATION OF
KOLLAM RURAL COMMAND CENTRE
THROUGH WEBINAR
by
Sri. PINARAYI VIJAYAN
Hon'ble Chief Minister of Kerala
On 09.09.2020 09.00 hrs
Through : Webinar
Live on https://www.facebook.com/kollamruralpolice